വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2021
ഡിസംബർ 19

മംഗളവാർത്ത നാലാം ഞായർ

ആത്മശങ്കകളുടെ ക്രിസ്തുമസ്

പുറ 34:1-9, സഖ 2:7-13, വെളി 21:1-7, മത്താ 1:18-24

ഒരിയ്ക്കൽ കൂടെ അമ്മയോട് ചോദിച്ചു. "നിന്നെക്കൊണ്ടു ഇതിനെ നോക്കാൻ പറ്റുമോ ' എന്ന അമ്മയുടെ മറു ചോദ്യത്തിൽ ആ പതിനാലു വയസ്സുകാരിയുടെ മനസ്സും ശിരസ്സും കുനിഞ്ഞു. അവൾ തന്റെ അഞ്ചാമത്തെ കൂടപിറപ്പിനെ നിറഞ്ഞ ബക്കറ്റിലെ വെള്ളത്തിലേയ്ക്ക് ഇറക്കി കിടത്തി. ചങ്ക് തകർന്ന്, ചേച്ചിയോട് പൊറുക്കെണെ കുഞ്ഞേ എന്നവൾ ഉള്ളിൽ കരഞ്ഞു കാണും. ബക്കറ്റിലെ പിടച്ചിൽ ഒരു ചെറു ചിറകടിയൊച്ചപോലെ പതിയെ ശാന്തമായി.

കേരളമനസാക്ഷി അത്രയൊന്നും ചർച്ച ചെയ്യാതെ പോയ ഒരു കുഞ്ഞിന്റെ കൊലപാതകവും അതിലേയ്ക്ക് നയിച്ച ഒരു കുടുംബത്തിന്റെ ദാരിദ്ര്യത്തിന്റെയും ഒരമ്മയുടെ ഗതികെടിന്റെയും കഥയാണ് എന്തോ, വി.മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായം പതിനെട്ട് മുതലുള്ള വാക്യങ്ങൾ ഓർമിപ്പിച്ചത്. യേശുവിന്റെ ജനനത്തെ കുറിയ്ക്കുന്ന ഭാഗമാണത്.

"ഇത്രയധികം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ രക്ഷകൻ വരുന്നത് ?' എന്ന സക്കറിയായുടെ ചെറുകഥയിലെ (ആർക്കറിയാം) പട്ടാളക്കാരൻ ഗണികയോട് നെടുവീർപ്പെട്ടതുപോലെയാണ് ഒരുപക്ഷെ ഈ ക്രിസ്തുമസ് കാല രാത്രിയിൽ കുറെയധികം ശങ്കകളോടെ ഈ കുറിപ്പെഴുതാനിരിയ്ക്കുന്നത്.

ആറാമതൊരു കുഞ്ഞിനെക്കൂടി പോറ്റുവാൻ മാത്രം ത്രാണിയില്ലാത്ത കുടുംബം. സ്ഥിരവരുമാനമില്ലാത്ത കുടുംബനാഥൻ. തുടർച്ചയായ പ്രസവങ്ങൾ ചവച്ചുതുപ്പിയ ശരീരമുള്ള കാല് ശോഷിച്ച ഒരമ്മ, കുഞ്ഞു സങ്കടങ്ങളുടെ മാറാപ്പുകൾ പോലെ അഞ്ചു കുഞ്ഞുങ്ങൾ. അവരുടെ ഇടയിലേയ്ക്കാണ് ക്ഷണിയ്ക്കാപെടാത്ത അതിഥിയായി വന്ന ആറാമതൊരു കുഞ്ഞ്. പ്രസവത്തിനു ആശുപത്രിയിൽ പോലും പോകാനാവാത്ത സാമ്പത്തികാവസ്ഥ. ചുറ്റുമുള്ള സമൂഹം കുത്തുവാക്കുകൾ കൊണ്ടും പരിഹാസങ്ങൾ ക്കൊണ്ടും ഒറ്റപ്പെടുത്തിയപ്പോൾ ആ അമ്മയും കുടുംബവും എടുത്ത തെറ്റായ തീരുമാനമാണ് ഈ ക്രിസ്തുമസ് കാലത്ത് നമ്മളിൽ ചിലരുടെയെങ്കിലും ഉറക്കം കെടുത്തുന്നത്.

ക്ഷണിയ്ക്കപ്പെടാത്ത ഒരതിഥിയായാണ് നസ്രത്തിലെ ആ കൊച്ചുപെങ്കുട്ടിയുടെ മനസ്സിലെയ്ക്കും ഉദരത്തിലെയ്ക്കും ലോകരക്ഷകൻ ഉറവെടുക്കുന്നത്. ലോകത്തെ ഭയന്ന്, അപമാന ഭാരത്താൽ മറിയത്തെ രഹസ്യമായി ഉപേക്ഷിയ്ക്കാനാണ്, പ്രതിശ്രുത വരനായ ജോസഫിന് ആദ്യ ചിന്തയുണ്ടായത്.

മാലാഖയുടെ സന്ദേശം ലഭിച്ച മാത്രയിൽ ആത്മശങ്കകളുടെ തിരയിളക്കത്തിനു മുകളിൽ മറിയം ആമേൻ പറഞ്ഞു. താൻ നേരിടാൻ പോകുന്ന അപമാനഭാരത്തെയും

സന്തോഷ് ചുങ്കത്ത്

തന്റെ വധുവായ മറിയത്തിന് സംഭവിയ്ക്കാൻ പോകുന്ന ദാരുണ അന്ത്യത്തെയും മനസ്സിലോർത്ത് നീതിമാനായ യൗസേപ്പും ദൈവഹിതത്തിനു തലകുനിച്ചു.

മേൽപ്പറഞ്ഞ സംഭവം ഉള്ളിൽ ഏൽപ്പിച്ച മുറിവായിരിയ്ക്കാം, പുൽക്കൂടിലെ മറിയത്തിനും യൗസേപ്പിനും ചുറ്റും കുറെയധികം നേരം ധ്യാനപൂർവ്വം നിൽക്കാതെ മുന്നോട്ടുപോകുവാൻ മനസ്സനുവദിയ്ക്കുന്നില്ല. വിവാഹജീവിതം നയിയ്ക്കുന്ന എല്ലാവരെയും, എല്ലാ മാതാപിതാക്കളെയും പുൽക്കൂട്ടിലെ ദിവ്യശിശുവിന്റെ പക്കൽ സമർപ്പിച്ചൊരു നിമിഷം കൈകൂപ്പാതെ പോകുന്നതെങ്ങനെ?

കോശിമാരുടെ സാഹസങ്ങൾ

ഓരോരുത്തർക്കും അവരവരുടെ ഇടർച്ചയുടെ ഇടങ്ങളുണ്ട്. അധികാരമോ, പണമോ, സുഖാനുഭവങ്ങളോ, ലഹരിയോ അങ്ങനെ എന്തും. സൽപ്പേരിനെ കുറിച്ചുള്ള വേവലാതിയും അതിലൊന്നാണ്. സെൽഫ് എസ്റ്റീം എന്നും ഈഗോ എന്നുമൊക്കെ വിളിയ്ക്കുന്ന ഈയൊരു സംഭവത്തെ ചുറ്റിപറ്റിയാണ് നമ്മുടെയൊക്കെ ജീവിതങ്ങൾ. ഓഷോ പറഞ്ഞതുപോലെ, നമ്മൾ ജനിയ്ക്കുന്നു-മരിയ്ക്കുന്നു. അതിനിടയിൽ ഒന്നുമാത്രം സംഭവിയ്ക്കുന്നു...'മറ്റുള്ളവർ എന്ത് വിചാരിയ്ക്കുമെന്നുള്ള ചിന്ത. ' ഈയൊരു ചിന്തയാണ് ഏതുതരം കടുംകയ്യും ചെയ്യാൻ നമ്മെ പ്രേരിപ്പിയ്ക്കുന്നത്. പിന്നെ വലിപ്പ ചെറുപ്പങ്ങളുടെ താരതമ്യ ലുത്തിനിയയാണ്.

'വലിയ തിരയെ കണ്ടപ്പോൾ ചെറുത്തിരയ്ക്ക് വല്ലാതെ സങ്കടം വന്നു. വലിയ തിര പെട്ടെന്ന് ബുദ്ധനായി, ചെറുതും - വലുതും! അങ്ങനെയൊന്നുമില്ലിഷ്ട്ട; എല്ലാം ജലം തന്നെ എന്ന്.

അവസാന സിനിമയിലൂടെ നമ്മെ വല്ലാതെ ഭ്രമിപ്പിച്ച സച്ചി എന്ന ചലച്ചിത്രകാരൻ നമുക്ക് മുന്നിലേയ്ക്ക് നീക്കി വച്ച കഥാപാത്രമാണ് കോശി. തന്റെ ഈഗോയ്ക്കേറ്റ മുറിവാണ് അയ്യപ്പൻ നായരെ നേരിടുക എന്ന സാഹസത്തിലെയ്ക്ക് അയാളെ നയിയ്ക്കുന്നത്. യൗസേപ്പിതാവെന്ന ആ ചെറുപ്പക്കാരനും ഒരു വേള - കോശിയാകുന്നുണ്ട്. മറ്റൊരാളുടെ കുഞ്ഞിന്റെ അപ്പനാകുന്ന അപമാനത്തിൽ നിന്ന് രക്ഷ നേടാൻ ഭാര്യയെ രഹസ്യത്തിൽ ഉപേക്ഷിയ്ക്കുവാനാണ് അദ്ദേഹം തുനിയുന്നത്.

മറ്റുള്ളവർ എന്നെക്കുറിച്ച് എന്ത് കരുതുമെന്നത് തന്നെ മുഖ്യ വിഷയം. പക്ഷെ സുവിശേഷം 'നീതിമാൻ' എന്ന് വാഴ്ത്തുന്ന ജോസഫിന് ഒരു നിമിഷാർദ്ധത്തിന്റെ വെളിപാടിൽ തന്നെകുറിച്ചുള്ള ദൈവപദ്ധതിയെ തിരിച്ചറിയാനുള്ള വിവേകമുണ്ടായി. നമുക്ക് പലപ്പോഴും നഷ്ടപ്പെടുന്നത് ഈ വെളിപ്പെടുത്തലുകൾ കേൾക്കാനുള്ള മനസാണ്.

ഒരുപക്ഷെ, അനുകൂലത്തിന്റെ ആമേൻ പറച്ചിലിൽ മേരിയുടെ 'ആമേൻ' വാഴ്ത്തപ്പെട്ടപ്പോൾ, ജോസഫിന്റെ ആമേന്റെ മൂല്യം മനസിലാക്കുന്നതിൽ വ്യഖ്യാതാക്കൾക്കെല്ലാം കാര്യമായ തകരാർ സംഭവിച്ചിട്ടുണ്ട്.

ആദ്യമേ സൂചിപ്പിച്ച സംഭവത്തിലും മറ്റുള്ളവരുടെ പരിഹാസമാണ് വലിയ സാഹസവും തെറ്റും ചെയ്യാൻ ആ സാധുകുടുംബത്തെ പ്രേരിപ്പിച്ചിട്ടുണ്ടാകുക. അങ്ങനെ വരുമ്പോൾ അവിടെ മുഖ്യ പ്രതികളാകേണ്ടുന്നത് ഇവിടുത്തെ സമൂഹവും ഭരണകൂടവുമാണ്. കഷ്ടവശാൽ ന്യായമല്ല, തെളിവാണ് ഇവിടെ വ്യവഹാരങ്ങൾക്ക് തീർപ്പ് കല്പിയ്ക്കുന്നത്. നീതിദേവത നീണാൾ വാഴട്ടെ.

അരിക് ജീവിതങ്ങളുടെ ക്രിസ്തുമസ്

ക്രിസ്തുമസ് എപ്പോഴും എന്തോ മാറ്റിനിർത്തപ്പെട്ടവരുടെ പെരുന്നാളായി അനുഭവപ്പെടാറുണ്ട്. അരികു ജീവിതങ്ങൾക്ക് മേൽ സ്തുതിയുടെ മേലാപ്പ് തീർത്ത രാവാണല്ലോ ക്രിസ്തുമസ്. അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തോത്രം പാടിയ മാലാഖമാർ ആ ഗാനം പൊഴിച്ചത് സമൂഹത്തിലെ തീർത്തും നിസ്സാരന്മാരായിരുന്ന ഇടയന്മാർക്ക് വേണ്ടിയായിരുന്നല്ലോ.

Least-Lost-Last' നിസ്സാരന്മാർക്കും നഷ്ടമായവർക്കും അവസാനക്കാർക്കും വേണ്ടി ജീവിതവിരുന്നൊരുക്കിയവനാണ് ക്രിസ്തു. അതുകൊണ്ട് തന്നെ ആഘോഷങ്ങളുടെ എതിർമുനമ്പിലാണ് ക്രിസ്തുമസ് - ജീവിതം തിരയാറുള്ളത്. ഫ്രാൻസിസ് നൊറോണയുടെ 'മുണ്ടൻ പറുങ്കി' സമാനമായ ജീവിതാനുഭവങ്ങളുടെ നേർസാക്ഷ്യമാണ്. എവിടുന്നോ കടം വാങ്ങിവന്ന കുറച്ച് രൂപയ്ക്ക് അരിയും കുറച്ച് ഇറച്ചിയും വാങ്ങി നത്താൾ (ക്രിസ്തുമസ്) ആഘോഷിയ്ക്കാൻ ചന്തയിലേയ്ക്ക് പറഞ്ഞുവിട്ട കുഞ്ഞു ഫ്രാൻസിസിനെ പക്ഷെ പോക്കറ്റ് ചതിച്ചു. പോക്കറ്റിൽ തിരുകിയ നോട്ട് വഴിയിലെവിടെയോ നഷ്ടപ്പെട്ടുപോയി. നല്ലൊരു ദിവസമായിട്ടും പട്ടിണി കിടക്കേണ്ടി വന്നതിന്റെ അരിശം അപ്പൻ മോനോട് തീർത്തത് വീട്ടിൽ നിന്നിറങ്ങിപോവാൻ ആവശ്യപ്പെട്ടായിരുന്നു. വീടുകൾ നഷ്ടപ്പെടുന്നവരുടെ ഓർമ്മയ്ക്കാണ് നമ്മൾ ക്രിസ്തുമസ് ആഘോഷിയ്ക്കുന്നതെന്ന് എഴുത്തുകാരൻ കുറിയ്ക്കുമ്പോൾ പേനയിൽ കലരുന്നത് ഹൃദയരക്തമാണ്.

ഒട്ടേറെ കരഞ്ഞും പിറുപിറുത്തും കൂടെ നടന്നപ്പോൾ അമ്മ സഹികെട്ട് കെട്ടിയുണ്ടാക്കിയ നക്ഷത്രം, പിന്നീട് കാറ്റത്ത് തിരിമറിഞ്ഞു കത്തിക്കരിഞ്ഞുപോയതിന്റെ സങ്കട ഓർമ്മയിൽ ഉരുകുന്നത് സെബാസ്റ്റ്യൻ പള്ളിത്തോടാണ്; പുസ്തകം 'തോരാതെ പെയ്യുന്ന മഴയിൽ".

അവൻ ജനിച്ചത് ഇവർക്കെല്ലാം വേണ്ടിയായിരുന്നു. നിസ്സാരന്മാർക്കും നഷ്ടമായവർക്കും അവസാനക്കാർക്കും വേണ്ടി. അവരെ ഓർക്കാതെ ഒരു ക്രിസ്തുമസ്സും കടന്നുപോകരുത്. അങ്ങനെവന്നാൽ പതിവിൽ കൂടുതൽ ഭക്ഷണം കഴിയ്ക്കുന്ന മറ്റൊരു അവധി ദിനമായി മാത്രം ക്രിസ്തുമസ്സും മാറും.

പുതിയ ആകാശവും ഭൂമിയും

രണ്ടാം വായനയിൽ വെളിപാടിന്റെ പുസ്തകം വച്ചുനീട്ടുന്ന പുതിയ ആകാശത്തിന്റെയും ഭൂമിയുടെയും തണുപ്പുണ്ട്. ഇപ്പോൾ ദൈവത്തിന്റെ കൂടാരം മണ്ണിൽ മനുഷ്യന്റെ കൂടെയാണ്. അവൻ വന്ന് കരയുന്നവരുടെ മിഴിനീരൊപ്പും. മരണത്തിന്റെ വിജയകാഹളം ഇനി മുഴങ്ങുകയില്ല. ദുഖവും വേദനയും മാറും. ആർപ്പുവിളിയും കൊട്ടും കുരവയുമായി മാലാഖമാർ വാനിൽ നിരക്കും. അവർ ആനന്ദ ഗാനങ്ങൾ പാടും. കാരണം പഴയതെല്ലാം കടന്നുപോയി, പുതിയ ആകാശവും ഭൂമിയും പുതു ജീവിതവുമായാണ് അവൻ- രക്ഷകൻ പിറന്നു വീണിരിയ്ക്കുന്നത്. അരികു ജീവിതങ്ങളെ ചേർത്ത് പിടിച്ച് അവൻ മുന്നോട്ട് നടക്കും. 'നിങ്ങളെ ഞാൻ സ്നേഹിതരെന്ന് ' വിളിച്ചെന്നും പറഞ്ഞ് ആ ആശാരി ചെറുക്കൻ സകലരെയും പാട്ടിലാക്കും, കൂടെ കൂട്ടും. സമൂഹം വേണ്ടെന്നു വച്ചവരെല്ലാം അവന്റെ കൂടെ സ്വർഗ്ഗീയ ഗാനം പൊഴിച്ച് മുന്നോട്ട് മുന്നോട്ട് പോകും.

വരുവിൻ നമുക്കും പോകാം , ബെത്ലഹെമിലെയ്ക്ക് . ഉണ്ണിയെ വണങ്ങാം ആനന്ദിയ്ക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com